DEMAND XX.—AGRICULTURE.

Mr. K. Subramonia Pillai: Sir, I move for a grant of Rs. 1,94,806 under Demand XX—Agriculture.

DEMANDXXI—INDUSTRIES INCLUDING RUBBER FACTORY.

Mr. E. I. Chacko: Sir, I move for a grant of Rs. 1,00,547 under Demand XXI—Industries including Rubber Factory.

DEMAND XXII—CO-OPERATIVE DEPARTMENT.

Mr. K. Madhava Kurup: Sir, I move for a grant of Rs. 1,08,276 under Demand XXII—Co-operative Department.

Mr. Thomas Chandy Mukkadan *(Nominated)* സർ, കൃഷി ഡിപ്പാർട്ട്മെൻറിനെപ്പററി ഒന്നരണ്ടു കാര്യങ്ങൾ പറയണമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. ഇന്നത്തെ നിലയ്ക്കു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം, ആഹാരസാധനം കൂടുതൽ വിളയിക്കുന്നതിനായി നടത്തേണ്ടതാണ്. എന്നുമാത്രമല്ലാ ഡിപ്പാർട്ട്മെൻറിന്റെ മുഴുവൻ ശ്രദ്ധയും ആ കാര്യത്തിൽ ചെലുത്തേണ്ടതുമാണ്. അങ്ങനെ ചെയ്യിരുന്നുവെങ്കിൽ ആഹാരസാധനത്തെപ്പററി ഇന്നുണ്ടായിരിക്കുന്ന മുറവിളിക്ക് ഒട്ടൊക്കെ പരിഹാരം വരുത്തുവാൻ സാധിക്കുമായിരുന്നു. മാതൃകാതോട്ടങ്ങൾ സ്ഥാപിച്ചു പലതരത്തിലുള്ള ഗവേഷണങ്ങൾ ഡിപ്പാർട്ട്മെൻറ് നടത്തിയെന്നും ചില ഫലങ്ങൾ എല്ലാം കണ്ടുപിടിച്ചുവെന്നും റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു. അതു നല്ലതുതന്നെ. പക്ഷെ കൂടനാട്ടിലും മറ്റും ഇതുമാതിരിയുള്ള മാതൃകാതോട്ടങ്ങളും മറ്റും സ്ഥാപിച്ചു ഗവേഷണങ്ങൾ നടത്തിയതുകൊണ്ടുമാത്രം യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലാ. ഇതുവരെ നടത്തിയ ഗവേഷണങ്ങൾ കൊണ്ടു ഒരു പ്രയോജനവും ഉണ്ടായിട്ടില്ലാ. അവിടെ ഇതിനു മുമ്പു ലഭിച്ചുകൊണ്ടിരുന്ന നെല്ലുതന്നെയാണ് ഗവേഷണത്തിനു ശേഷവും നല്ലതെന്നു കണ്ടുപിടിച്ചതു്. അതുകൊണ്ട് ഈ ഗവേഷണക്കാർക്ക് സാധാരണ കർഷകരെക്കാൾ കൂടുതൽ യോഗ്യതകളൊന്നും കാണുന്നില്ലാ.

സർ, എനിക്ക് ഇനി ഇവിടെ ഒരുസാധനം കാണിക്കുവാനുണ്ട്. (ഒരു കല ബാർലിക്കാണിക്കുന്നു) ഇതു് ബാർലിയാണ്. എന്റെ മുറ്റത്തു ഞാൻ വിളയിച്ചതാണ്. ഇതുപോലെയുള്ള സാധനങ്ങൾ ഡിപ്പാർട്ടുമെൻറ് ശ്രമിക്കുന്നപക്ഷം രാജ്യത്തു ഒട്ടുക്കു വിളയിപ്പിച്ചു എടുക്കുവാൻ കഴിയും. ഞാൻ ഇതു് പരീക്ഷണത്തോട്ടത്തിലെ അധികാരികളെ കാണിക്കുകയും ഇതിന്റെ വിത്തു് അവർ കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. ഇതിനു് ഒരു വിശേഷഗുണംകൂടി ഞാൻ കാണുന്നുണ്ട്. കൂടനാട്ടിൽ വെള്ളം നിമിത്തം യാതൊരു സസ്യങ്ങളും വളരുകയില്ലാ. വെള്ളപ്പൊക്കമുണ്ടാകുമ്പോഴും വാഴപോലും പട്ടുപോകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly